# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 210 16.08.2017- ൽ മറുപടിക്ക്**

## കൈത്തറി, ഖാദി തൊഴിലാളികളുടെ ക്ഷേമം

**ചോദ്യം**

**ശ്രീ.പി.ജെ.ജോസഫ്**
**ഡോ.എൻ.ജയരാജ്**

(എ) കൈത്തറി, ഖാദി തൊഴിലാളികൾക്ക് വേണ്ടി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത വ്യവസായമേഖലയായ കൈത്തറിയെ സംരക്ഷിക്കുന്നതിനുവേണ്ടി 2017 അദ്ധ്യയനവർഷം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് രണ്ട് ജോടി കൈത്തറി യൂണിഫോം വിതരണം ചെയ്യുകയുണ്ടായി. ഇതിലേക്കായി 9.4 ലക്ഷം മീറ്റർ തുണി അധികമായി ഉത്പാദിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി 2929 നെയ്ത്തുകാർ നേരിട്ടും ഏകദേശം 6000 തൊഴിലാളികൾ അനുബന്ധമായും ജോലി ചെയ്തു. സംസ്ഥാനത്തെ കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2017-18 വർഷത്തിൽ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1) 2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% ഗവൺമെന്റ് സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.
2) അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിലേക്കായി ഏകദേശം 24 ലക്ഷം മീറ്റർ തുണി ഉത്പാദിപ്പിക്കുന്നതിലേക്കായി കുറഞ്ഞത് 4000 നെയ്ത്തുകാരും 8000 അനുബന്ധ തൊഴിലാളികളും ആവശ്യമായി വരും. അവർക്ക് മെച്ചപ്പെട്ട വേതനവും അർഹമായ ആനുകൂല്യങ്ങളും ഉറപ്പ് വരുത്തും.

3) കേരള ഹാന്റ്ലൂം ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം നൽകുന്നു. കേരള ഹാന്റ്ലൂം വിൽപ്പനശാല കൾക്കുള്ള ധനസഹായമായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.നിഫ്റ്റ്,ഐ.ഐ.എച്ച്.റ്റി തുടങ്ങിയ അംഗീകൃത സ്ഥാപനങ്ങളുടെ സഹായത്തോടെ ബ്രാന്റ് ചെയ്യപ്പെടേണ്ട ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

4) നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐ.ഐ.എച്ച്.റ്റി) മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടിസ്ഥാന ത്തിൽ ഒരു വർഷത്തേക്ക് ഒരു പ്രദേശത്ത് ഒരു ഡിസൈനറെ ഉൾപ്പെടുത്തുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി കുറഞ്ഞ ആയാസം മാത്രം ആവശ്യമുള്ള ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉൽപാദന ഇൻസെന്റീവ്, എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദി ഗ്രാമം പദ്ധതി, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും, ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗ പ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിധ്യവൽക്കരണം തുടങ്ങി ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരി ച്ചിരിക്കുന്നത്. കൂടാതെ സൗരോർജ്ജം ഉപയോഗിച്ചു കൊണ്ടുള്ള ചർക്കകളും തറികളും ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പഠനവും ഗവേഷണവും നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിൽ മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനെക്കാൾ ഉല്പാദനം ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നശേഷം കൈത്തറിമേഖലയിൽ മുൻവർഷത്തേക്കാൾ ഉൽപാദനം വർദ്ധിച്ചിട്ടുണ്ട്. യൂണിഫോം പദ്ധതിക്കുവേണ്ടി മാത്രമായി 2016-17 വർഷം 9.40 ലക്ഷം മീറ്റർ തുണി ഉൽപാദിപ്പിച്ചെടുക്കുകയുണ്ടായി.<br><br>കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷകാലയളവിൽ ഖാദി നൂൽ ഉൽപാദനം 9.74 കോടിരൂപയും ഖാദി തുണി ഉൽപാദനം 20.20 കോടി രൂപയും ആയിരുന്നു. പുതിയ സർക്കാരിന്റെ ആദ്യ വർഷ കാലയളവിൽ ഇത് യഥാക്രമം 12.37 കോടിരൂപയും 23.98 കോടി രൂപയുമായിരുന്നു. 3.78 കോടി രൂപയുടെ ഖാദി തുണിയുടെ അധിക ഉൽപാദനം നേടാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത മേഖലയിൽ പണിയെടുക്കുന്ന കൈത്തറി തൊഴിലാളികൾക്ക് പരമാവധി തൊഴിൽദിനങ്ങളും മാന്യമായ വേതനവും ഉറപ്പുവരുത്തുന്ന രീതിയിൽ നൂലും കൂലിയും സർക്കാർ വക നൽകി സർക്കാർ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സൗജന്യ യൂണിഫോം പദ്ധതിയിൽ ഈ വർഷം ഏകദേശം 24 ലക്ഷം മീറ്റർ തുണി നെയ്തെടുക്കേണ്ടതുണ്ട്.<br><br>ഖാദി മേഖലയിലെ തൊഴിലാളികളുടെ അധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി തൊഴിലുപകരണങ്ങളായ ചർക്കകളും തറികളും ആധുനികവൽക്കരണം നടത്തുന്നതിനും പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുപയോഗിച്ച് ചർക്കകളും തറികളും പ്രവർത്തിപ്പിക്കുന്നതിനും സാധ്യതകൾ ആരായുന്നുണ്ട്. കൂടാതെ ബോർഡ് സ്വന്തമായി ഒരു ചർക്ക തറി യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് 5000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പദ്ധതി വിഹിതത്തിലുൾപ്പെടുത്തി സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ച് നിലവിലെ ഖാദി ഉൽപാനദകേന്ദ്രങ്ങൾ പുനരുദ്ധരിക്കുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, സ്പെയർപാർട്സുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും കഴിയുന്നതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്നവ നടപ്പിലാക്കുന്നതു വഴി കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്. |

സെക് ഷൻ ഓഫീസർ